Please publish in official website

©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2012-14

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY


| | | | |
|---|---|---|---|
| വാല്യം 3 / Vol. III | തിരുവനന്തപുരം, ശനി / Thiruvananthapuram, Saturday | 2014 ഡിസംബർ 20 / 20th December 2014 / 1190 ധനു 5 / 5th Dhanu 1190 / 1936 അഗ്രഹായനം 29 / 29th Agrahayana 1936 | നമ്പർ / No. 3114 |


## കേരള സർക്കാർ

പൊതുഭരണ (ഏകോപനം) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (പി) നമ്പർ 338/2014/പൊ.ഭ.വ.

*തിരുവനന്തപുരം, 2014 ഡിസംബർ 5*
*1190 വൃശ്ചികം 19.*

**എസ്. ആർ. ഒ. നമ്പർ 795/2014.**— 2005-ലെ വിവരാവകാശ ആക്റ്റിലെ (2005-ലെ 22-ാം കേന്ദ്ര ആക്റ്റ്) 27-ാം വകുപ്പ് (1)-ാം ഉപവകുപ്പും (2)-ാം ഉപവകുപ്പിന്റെ (ബി)-യും (സി)-യും ഖണ്ഡങ്ങളും പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, 2006 മേയ് 9-ാം തീയതിയിലെ 11259/സി.ഡി.എൻ.5/2006/പൊ.ഭ.വ. നമ്പർ വിജ്ഞാപനം മുഖേന 2006 മേയ് 18-ാം തീയതിയിലെ 893-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 385/2006 ആയി പ്രസിദ്ധപ്പെടുത്തിയ 2006-ലെ കേരള വിവരാവകാശ (ഫീസും വിലയും ക്രമപ്പെടുത്തൽ) ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിലേക്കായി കേരള സർക്കാർ താഴെപ്പറയും പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2014.

33/5123/2014/S-15.

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2014-ലെ കേരള വിവരാവകാശ (ഫീസും വിലയും ക്രമപ്പെടുത്തൽ) രണ്ടാം ഭേദഗതി ചട്ടങ്ങൾ എന്ന് പേർ പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2006-ലെ വിവരാവകാശ (ഫീസും വിലയും ക്രമപ്പെടുത്തൽ) ഭേദഗതി ചട്ടങ്ങളിൽ,—

(എ) 3-ാം ചട്ടത്തിലെ (2)-ാം ഉപചട്ടത്തിൽ, (ഡി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) ഈ ആവശ്യത്തിലേക്കായി ഓൺലൈൻ സോഫ്റ്റ്‌വെയർ മുഖേന ലഭിക്കുന്ന ശരിയായ രസീതിന്മേൽ അക്ഷയ പൊതുസേവന കേന്ദ്രങ്ങളിലോ, സർക്കാർ യഥാവിധി പ്രാധികാരപ്പെടുത്തിയ ഏതെങ്കിലും ഏജൻസിയിലോ തുക ഒടുക്കൽ വഴി; അഥവാ

(എഫ്) ഈ ആവശ്യത്തിലേക്കായി ഇലക്ട്രോണിക് മാർഗ്ഗങ്ങളിലൂടെ ഫീസ് സ്വീകരിക്കുന്നതിന് സംസ്ഥാനം രൂപകല്പന ചെയ്തിട്ടുള്ള ഇ-പെയ്മെന്റ് ഗേറ്റ്‌വേപോലുള്ള സൗകര്യം ഓൺലൈൻ സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്ന പക്ഷം, സർക്കാർ അക്കൗണ്ടിലേക്ക് ഇലക്ട്രോണിക് പെയ്മെന്റുവഴി;"

(ബി) 4-ാം ചട്ടത്തിലെ (3)-ാം ഉപചട്ടത്തിൽ "പേ ഓർഡർ" എന്ന വാക്കുകൾക്കുശേഷം "അഥവാ, ഈ ആവശ്യത്തിലേക്കായി ഓൺലൈൻ സോഫ്റ്റ്‌വെയർ മുഖേന ലഭിക്കുന്ന ശരിയായ രസീതിന്മേൽ അക്ഷയ പൊതു സേവനകേന്ദ്രങ്ങളിലോ, സർക്കാർ യഥാവിധി പ്രാധികാരപ്പെടുത്തിയ ഏതെങ്കിലും ഏജൻസിയിലോ തുക ഒടുക്കൽവഴി അഥവാ, ഈ ആവശ്യത്തിലേക്കായി ഇലക്ട്രോണിക് മാർഗ്ഗങ്ങളിലൂടെ ഫീസ് സ്വീകരിക്കുന്നതിന് സംസ്ഥാനം രൂപകല്പന ചെയ്തിട്ടുള്ള ഇ-പേയ്മെന്റ് ഗേറ്റ്‌വേപോലുള്ള സൗകര്യം ഓൺലൈൻ സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്ന പക്ഷം, സർക്കാർ അക്കൗണ്ടിലേക്ക് ഇലക്ട്രോണിക് പേയ്മെന്റുവഴി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ആർ. ജ്യോതിലാൽ,

*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2005-ലെ വിവരാവകാശ ആക്റ്റിലെ 27-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ഒരു പൗരന് വിവരങ്ങൾ നൽകുന്നതിനുള്ള ഫീസ് നിരക്ക് നിർണ്ണയിച്ചുകൊണ്ടുള്ള ചട്ടങ്ങൾ 2006 മേയ് 9-ാം തീയതിയിലെ 11259/സി.ഡി.എൻ.5/2006/പൊ.ഭ.വ. നമ്പർ വിജ്ഞാപനം മുഖേന 2006 മേയ് 18-ാം തീയതിയിലെ 893-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 385/2006 ആയി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ആക്റ്റിനും ചട്ടങ്ങൾക്കും കീഴിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള വിവിധയിനം ഫീസുകൾ ഒടുക്കുന്നതിനുള്ള രീതിക്ക് കൂടുതൽ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനുവേണ്ടി പ്രസ്തുത ചട്ടങ്ങളിൽ ചില ഭേദഗതികൾ വരുത്തേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

മേൽപ്പറഞ്ഞ ആവശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

## GOVERNMENT OF KERALA

### General Administration (Co-ordination) Department

### NOTIFICATION

G. O. (P) No. 338/2014/GAD. *Dated, Thiruvananthapuram, 5th December, 2014*
*19th Vrischikam, 1190.*

**S. R. O. No. 795/2014.**—In exercise of the powers conferred by sub-section (1) and clauses (b) and (c) of sub-section (2) of Section 27 of the Right to Information Act, 2005 (Central Act 22 of 2005), the Government of Kerala hereby make the following rules further to amend the Kerala Right to Information (Regulation of Fee and Cost Rules), 2006 issued under Notification No. 11259/Cdn.5/2006/GAD., dated the 9th May, 2006 and published as S. R. O. No. 385/2006 in the Kerala Gazette Extraordinary No. 893 dated the 18th May, 2006, namely:—

RULES

1. *Short title and commencement.*—(1) These rules may be called the Kerala Right to Information (Regulation of Fee and Cost) Second Amendment Rules, 2014.

(2) They shall come into force at once.

2. *Amendment of the Rules.*—In the Kerala Right to Information (Regulation of Fee and Cost) Rules, 2006,—

(a) in rule 3, in sub-rule (2), after clause (d), the following clauses shall be inserted, namely:—

"(e) by cash remittance in the Akshaya Common Service Centres or at any agency duly authorized by the Government, against proper receipt generated by the online software for this purpose; or

(f) by electronic payment to the Government Account, if facility for receiving fees through electronic means like State designated e-payment gateway is available in the online software for this purpose";

(b) in rule 4, in sub-rule (3), after the words "State Public Information Officer", the words "or by cash remittance in the Akshaya Common Service Centres or at any agency duly authorized by the Government, against proper receipt generated by the online software for this purpose or by electronic payment to the Government Account, if facility for receiving fees through electronic means like State designated e-payment gateway is available in the online software for this purpose" shall be inserted.

By order of the Governor,

K. R. Jyothilal,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

In exercise of the powers conferred by section 27 of the Right to Information Act, 2005, the State Government have framed Rules prescribing the rate of fee, for providing information to the citizen as per Notification No. 11259/Cdn.5/2006/GAD; dated 9th May, 2006 and published as SRO No. 385/2006 in the Kerala Gazette Extraordinary No. 893 dated the 18th May, 2006. It is felt necessary by the Government to make certain amendments to the said Rules to incorporate additional provisions for the mode of payment of various fees prescribed under the said Act and the Rules.

The notification is intended to achieve the above object.